(ബി) നൂറുരൂപ മുഖവിലയുള്ള 80560 ഷെയറുകളാണ് വിറ്റത്. ഷെയർ വിറ്റത് കമ്പനിയുടെ പ്രൊമോട്ടർമാർക്കാണ്. വിൽക്കുന്നതിനുമുൻപ് വിലപേശിയാണ് വില ഉറപ്പിച്ചത്. അതുപ്രകാരം സാമ്പത്തിക പത്രങ്ങളിൽ പ്രസിദ്ധീകരിച്ച ബോംബെ, കൽക്കട്ട എന്നീ സ്റ്റോക്ക് എക്സ്ചേഞ്ചുകളിലെ വിലകളെയും കൂടി ആശ്രയിച്ചാണ് വില നിശ്ചയിച്ചത്. നിലവിലുണ്ടായിരുന്ന മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് ഷെയറുകൾ വില്പന നടത്തിയ തുകൊണ്ട് കെ.എസ്.ഐ.ഡി.സി.ക്ക് 29,88,776 രൂപയുടെ നഷ്ടം ഉണ്ടായതായി വിജിലൻസ് വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഷെയർ വിറ്റുകിട്ടിയ തുക കെ.എസ്.ഐ.ഡി.സിയുടെ ദൈനംദിന ആവശ്യത്തിനുള്ള തുക കിഴിച്ച് ബാക്കി 8.92 കോടി രൂപ എച്ച്.ഡി.എഫ്.സി. യിലാണ് നിക്ഷേപിച്ചത്. എച്ച്.ഡി.എഫ്.സി. ഒരു സർക്കാർ സ്ഥാപനമല്ല.

(ഡി) 12.5 ശതമാനം.

(ഇ) ഇല്ല. വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ കേസ്സിൻമേൽ നടപടി സ്വീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

22 (578) കെ.എസ്.ഐ.ഡി.സി. മാനേജിംഗ് ഡയറക്ടറുടെ സ്ഥാനചലനം

ശ്രീ. ജോർജ്. ജെ. മാത്യു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഐ.ഡി.സി. മാനേജിംഗ് ഡയറക്ടറായിരുന്ന ശ്രീ. ജെയിംസ് ജോസഫിനെ തൽസ്ഥാനത്തുനിന്നും നീക്കം ചെയ്യുകയുണ്ടായോ;

(ബി) എങ്കിൽ കാരണങ്ങൾ എന്തെന്നു വിശദീകരിക്കുമോ?

ഉത്തരം

(എ)&(ബി)കെ.എസ്.ഐ.ഡി.സി.യുടെ പ്രവർത്തനം ബാധിക്കത്തക്ക വിധത്തിൽ എം.ഡി.യും സഹപ്രവർത്തകരും തമ്മിൽ വളർന്നുവന്ന ചില അഭിപ്രായവ്യത്യാസങ്ങൾ തുടരുന്നത് ഗുണകരമല്ല എന്നു ബോദ്ധ്യമായതിനാൽ ശ്രീ.ജയിംസ് ജോസഫിനെ എം.ഡി. സ്ഥാനത്തുനിന്നും നീക്കി.

23 (579) ഇന്റർനാഷണൽ അപ്പാരൽ പാർക്ക്

ശ്രീ. കെ.പി. സതീശ്ചന്ദ്രൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിൻഫ്രയുടെ മേൽനോട്ടത്തിൽ ആരംഭിക്കാനുദ്ദേശിക്കുന്ന ഇന്റർനാഷണൽ അപ്പാരൽ പാർക്കിന്റെ നിർമ്മാണപ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly